പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1775** **05.02.2019 ൽമറുപടിയ്ക്ക്**

## വാഹനങ്ങളിലെ ലൈറ്റുകളുടെയും സ്പീക്കറുകളുടെയും നിയന്ത്രണം

| ചോദ്യം<br>ശ്രീ. പി.കെ.ബഷീർ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വിവിധ സ്വകാര്യ വാഹനങ്ങളിൽ രാത്രികാലങ്ങളിൽ അതിതീക്ഷ്ണമായപ്രകാശം ചൊരിയുന്ന ഹാലജൻ പോലുള്ള ബൾബുകൾ പ്രകാശിപ്പിക്കുന്നതുമൂലം എതിർദിശയിൽ നിന്നും വരുന്ന ഡ്രൈവർമാർക്ക് പ്രയാസം ഉണ്ടാകുന്നതും അപകടങ്ങൾ വർദ്ധിക്കുന്നതും ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | നിയമവിരുദ്ധമായ ശബ്ദ വെളിച്ച സംവിധാനങ്ങൾ മൂലം അപകടങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽ പെട്ടിട്ടില്ല എന്നാൽ ഇത് മറ്റ് റോഡ് ഉപയോക്താക്കൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുകയും മറ്റ് ഡ്രൈവർമാരുടെ ശ്രദ്ധ തിരിയാൻ കാരണമാവുകയും ചെയ്യുന്നുണ്ട്. |
| (ബി) | മോട്ടോർ വാഹന നിയമപ്രകാരം ഇത്തരം ലൈറ്റുകൾ ഉപയോഗിക്കുന്നത് അനുവദനീയമാണോ; വ്യക്തമാക്കുമോ; | (ബി) | അല്ല. നിലവിലുള്ള നിയമപ്രകാരം 24 വോൾട്ടുള്ള ഹാലജൻ ബൾബുകൾ 70/75 വാട്ട്സിൽ കൂടരുത്. 12 വോൾട്ട്സുള്ള ഹാലജൻ ബൾബുകൾ 60/65 വാട്ട്സിൽ കൂടാൻ പാടില്ല. |
| (സി) | ഇല്ലെങ്കിൽ ഇത്തരം ഹെഡ്‌ലൈറ്റുകൾ ഉപയോഗിച്ചതിന്റെ പേരിൽ കഴിഞ്ഞ ആറുമാസത്തിനുള്ളിൽ എത്ര വാഹന ഉടമകൾ ക്കെതിരെ നടപടി സ്വീകരിച്ചു; ഓരോ ആർ.ടി.ഒ. തിരിച്ച് വ്യക്തമാക്കുമോ; | (സി) | തിരുവനന്തപുരം - 291<br>കൊല്ലം - 132<br>പത്തനംതിട്ട - 89<br>ആലപ്പുഴ - 285<br>കോട്ടയം - 478<br>ഇടുക്കി - 90<br>എറണാകുളം - 167<br>തൃശ്ശൂർ - 412<br>പാലക്കാട് - 617<br>മലപ്പുറം - 370<br>കോഴിക്കോട് - 566<br>വയനാട് - 18 |
| (ഡി) | സ്വകാര്യ ടൂറിസ്റ്റ് ബസുകളിലും മറ്റും ഡിജെ സൗകര്യത്തോടു കൂടിയ സ്പീക്കറുകളും മറ്റുശബ്ദ സംവിധാനങ്ങളും ഉപയോഗിക്കുന്നത് തടയാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (ഡി) | ഇത്തരം ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ള വാഹനങ്ങൾ ശ്രദ്ധയിൽ പ്പെട്ടാൽ കർശന നടപടിയെടുക്കണമെന്ന് മോട്ടോർ വാഹന വകുപ്പിൻ കീഴിലുള്ള എല്ലാ ഓഫീസുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. വാഹന പരിശോധന വേളയിൽ കണ്ടെത്തിയാൽ, പിഴ ഈടാക്കുകയും, ലൈറ്റുകളും സ്പീക്കറുകളും മാറ്റി സ്ഥാപിയ്ക്കാൻ നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. |
| (ഇ) | രാത്രികാലങ്ങളിൽ ഹെഡ് ലൈറ്റുകൾ ഡിം ചെയ്യാത്തതുമൂലം ഉണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ? | (ഇ) | പ്രത്യേക രാത്രികാല പരിശോധന നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ